പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3283 25/06/2012 - ൽ മറുപടിക്ക്

## മത്സ്യത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ:<br>„ ഡൊമിനിക് പ്രസന്റേഷൻ:<br>„ വി.റ്റി.ബൽറാം:<br>„ ഐ.സി.ബാലകൃഷ്ണൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മൽസ്യം ഉപയോഗിച്ചുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും വിതരണം ചെയ്യുവാനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വ്യക്തമാക്കാമോ ; | (എ) മൽസ്യം ഉപയോഗിച്ചുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിൽ 2 കോടി രൂപ മുതൽ മുടക്കി 'മൂല്യ വർദ്ധിത മത്സ്യസംസ്കരണ യൂണിറ്റ്'/'നളപാകം' സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് കേരള സംസ്ഥാനതീരദേശ വികസന കോർപ്പറേഷൻ മുഖേന എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; | (ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യത്തിന്റെ മൂല്യ വർദ്ധനവിലൂടെ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും മത്സ്യ ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയതും, രുചിയുള്ളതുമായ മത്സ്യവിഭവങ്ങൾ പ്രദാനം ചെയ്യുന്നതിനും കൂടാതെ, മത്സ്യങ്ങൾ ഉപയോഗിച്ച് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം |

നടത്തുന്നതിനും വേണ്ടി മത്സ്യത്തൊഴിലാളി വനിതകൾക്ക് ഒരു പൊതു സൗകര്യം ഒരുക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലക്ഷ്യമിടുന്നു. ഇതു കൂടാതെ കേന്ദ്ര സർക്കാരിന്റേയും, എൻ.എഫ്.ഡി.ബി.യുടെയും ധനസഹായത്തോടെ 'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ 100 കിയോസ്ക്കുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്തുടനീളം വിപണനകേന്ദ്രങ്ങളും ഫിഷ് കിയോസ്കുകളും സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(സി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും, ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള വിഭവങ്ങളും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തുടനീളം വിപണനകേന്ദ്രങ്ങളും ഫിഷ് കിയോസ്കുകളും സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി മത്സ്യവിഭവത്തിന്റെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പുവരുത്തുന്നതിന് കോൾഡ്-ചെയിൻ പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സ്, ഇൻസുലേറ്റഡ് വാഹനങ്ങൾ എന്നിവ നല്കുകയും ഫിഷിംഗ് ഹാർബറുകളിലും, ലാന്റിംഗ് സെന്ററുകളിലും ചിൽഡ് സ്റ്റോറേജ്, ഇൻസുലേറ്റഡ് വാഹനങ്ങൾ ഐസ് പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജുകൾ എന്നിവ നിർമ്മിക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഇതു കൂടാതെ മത്സ്യാധിഷ്ടിതമായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാനും

വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാരി
ന്റെയും എൻ.എഫ്.ഡി. ബി.യുടെയും
സഹായത്തോടെ കേരള സംസ്ഥാന തീര
ദേശ വികസന കോർപ്പറേഷൻ മുഖേന
'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ 100
ഫിഷ് കിയോസ്ക്കുകൾ സംസ്ഥാനത്തുട
നീളം സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ